പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5457 — 31.10.2016 ൽ മറുപടിയ്ക്ക്

വവ്വാക്കാവിൽ മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പു മന്ത്രി) |
| കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വവ്വാക്കാവ് കേന്ദ്രമാക്കി മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | മാവേലി സ്റ്റോർ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ വവ്വാക്കാവ് എന്ന സ്ഥലം കുലശേഖരപുരം ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ സപ്ലൈകോയുടെ രണ്ട് വിൽപ്പനശാലകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സപ്ലൈകോ വിൽപ്പന ശാലകൾ ഒന്നും തന്നെയില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകി വരുന്നത്. എന്നിരുന്നാലും കുലശേഖരപുരം പഞ്ചായത്തിൽ മൂന്നാമതൊരു വിൽപ്പനശാല വവ്വാക്കാവിൽ ആരംഭിക്കുന്നതിന്, നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ചുള്ള 500 ച. അടിയിൽ കുറയാതെയുള്ള ആജീവനാന്ത വാടകരഹിത കെട്ടിടവും, അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനായി ഒരു ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് അനുവദിക്കുകയാണെങ്കിൽ സാധ്യതാ പഠനത്തിന്റെയും, ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ